## ഡിജിറ്റൽ മാഗസിൻ

# ആകാശചെപ്പ്

# ഗവ. ടെക്നിക്കൽ ഹൈസ്കൂൾ പയ്യോളി



## ആമുഖം

ഒരു താലൂക്കിൽ ഒരു ടെക്നിക്കൽ ഹൈസ്കൂൾ എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 1983 ൽ കൊയിലാണ്ടി താലൂക്കിന് ലഭിച്ച സ്ഥാപനമാണ് പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ . 1983 ജനുവരിയിലായിരുന്നു ഔദ്യോഗിക ഉദ്ഘാടനം . പയ്യോളി ടൗണിൽ റെയിൽവേ സ്റ്റേഷനടുത്തുള്ള ശ്രീ ഉമ്മർഹാജിയുടെ 3 നിലയുള്ള വാടക കെട്ടിടത്തിലായിരുന്നു പ്രാരംഭത്തിൽ സ്കൂളിന്റെ പ്രവർത്തനം . അതിനോട് ചേർന്ന് കുട്ടികൾക്കുള്ള പരിശീലനത്തിനായി താൽക്കാലികമായി ഒരു വർക്ഷോപ്പും ഉണ്ടാക്കി . പി. ടി. എ. യുടെയും സ്കൂൾ വെൽഫെയർ കമ്മിറ്റിയുടെയും അശ്രാന്ത പരിശ്രമ ഫലമായാണ് പരിമിതികളേറെയുണ്ടായിരിന്നിട്ടും സമയബന്ധിതമായി സ്കൂൾ തുടങ്ങാൻ കഴിഞ്ഞത് .

| | |
|---|---|
| റവന്യൂ ജില്ല | കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | വടകര |
| ഉപജില്ല | മേലടി |
| പ്രധാനധ്യാപകൻ | സജീവ്കുമാർ പി സി |

# താളുകളിൽ

1. ചരിത്രവഴികൾ

2. സ്കൂളിലെ മുൻ സൂപ്രണ്ടുമാർ

3. കവിത : യുദ്ധം എന്ന വിപത്ത്

4. കവിത : മഴ

5. കഥ : ഓർമ്മകളിലെ അവൾ എന്ന വിസ്മയം

6. ശാസ്ത്ര 2023

7. യാത്ര വിവരണം : മേൽ പഴനീവരെ ഒരു യാത്ര

8. കഥ : മനുഷ്യത്വം മരവിച്ചുപോയ ജന്മങ്ങൾ

9. അനുഭവകുറിപ്പ് : അവധിക്കാല സ്വപ്നം

10. കഥ : 'അമ്മ

11. വികസനം എന്ന വിപത്ത്

# ചരിത്രവഴികൾ

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് സാമൂതിരിയുടെ പടത്തലവനായ കോട്ടക്കൽ കുഞ്ഞാലിമരയ്ക്കാറുടെയും പയ്യോളി എക്സ്പ്രസ്സ് എന്ന അപരനാമത്തിലറിയപ്പെടുന്ന ഒളിമ്പ്യൻ പി ടി ഉഷയുടെയും നാടായ പയ്യോളിയിൽ അയനിക്കാട് പ്രദേശത്താണ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്.1983 സെപ്തംബറിൽ ആരംഭിച്ച സ്ഥാപനം ആദ്യകാലത്ത് പയ്യോളി റെയിൽവെ സ്റ്റേഷനു സമീപത്തായി താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിച്ചത്.പിന്നീട് 2004ൽ സ്ഥാപനം പയ്യോളിയിൽ നിന്നും 4.കി മീ അകലെ അയനിക്കാട് പ്രദേശത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടരുകയും ചെയ്തു.

കുട്ടികളിൽ പാഠ്യപ്രവർത്തനത്തോടൊപ്പം സാങ്കേതിക പഠനവും സാധ്യമാക്കുന്ന സ്ഥാപനം ടി എച്ച് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടിയിട്ടുണ്ട്.



5.5 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന് ഒരു കെട്ടിടത്തിലായി 10ക്ലാസ് മുറികളും ഒരു വർക്ക്ഷോപ്പ് കെട്ടിടവുമുണ്ട്. ആറ് ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളായി ഉയർത്തി. വിശാലമായ ഒരു എയർകണ്ടീഷന്റ് കമ്പ്യൂട്ടർ ലാബും അതിൽ 20ഓളം കമ്പ്യൂട്ടറുകളും, ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, പ്രിന്റർ, സ്കാനർ തുടങ്ങിയ സൗകര്യങ്ങളുമുണ്ട്.



ഐ ടി യുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി പ്രൊജക്ടർ , ഇന്റർനെറ്റ്,കമ്പ്യൂട്ടർ, ശബ്ദസംവിധാനം ഇവയോടുകൂടിയ ഒരു പ്രത്യേക സ്മാർട്ട് ക്ലാസ് മുറിയുമുണ്ട്.

മികച്ച റഫറൻസ് ലൈബ്രറിയും വിശാലമായ പ്ലേ ഗ്രൗണ്ടും ഓഡിറ്റോറിയവും കുടിവെള്ളത്തിന് സോളാർ വാട്ടർ ഹീറ്റർ, വാട്ടർ കൂളറും ഈ സ്കൂളിന്റെ സവിശേഷതകളാണ്, വിദ്യാർത്ഥികളുടേയും സ്ഥാപനത്തിന്റേയും സുരക്ഷിതത്തിനായി സി. സി. ടി. വി. ക്യാമറാ നിരീക്ഷണവും സജ്ജീകരിച്ചിരിക്കുന്നു.



പൊതുവിദ്യാഭ്യാസത്തോടൊപ്പം സാങ്കേതിക പഠനവും നൽകുന്നതിനായി വർക്ക്ഷോപ്പ് കെട്ടിടത്തിലായി കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്നു.



പാഠ്യരംഗത്തും കലാരംഗത്തും പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ സ്വന്തമാക്കിയ നേട്ടങ്ങൾ വർണ്ണലിപികളിലൂടെ മാത്രമേ രേഖപ്പെടുത്താൻ കഴിയൂ . വർഷങ്ങൾക്ക് മുമ്പ് ഇന്നത്തേത് പോലുള്ള പരീക്ഷാ സമ്പ്രദായം ഇല്ലാതിരുന്ന കാലത്ത് സ്കൂളിലെ ആദ്യ ബാച്ചുമുതൽ എല്ലാ വർഷവും നൂറു ശതമാനം വിജയം കൈവരിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് . അതിൽ മിക്കവർഷവും ഫസ്റ്റ് ക്ലാസോടെയുള്ള നൂറു ശതമാനം വിജയമാണ്. പല വർഷങ്ങളിലും ഒന്ന്, രണ്ട്, മൂന്ന് സംസ്ഥാന റാങ്കുകൾ ഈ സ്കൂളിനെ തേടിയെത്തിയുട്ടുണ്ട് . കൂടാതെ സ്കൂളിന്റെ പാഠ്യ , പാഠ്യേതര രംഗങ്ങൾ വിലയിരുത്തി കേരളത്തിലെ ഏറ്റവും നല്ല ടെക്നിക്കൽ ഹൈസ്കൂളിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ പുരസ്കാരം പലപ്രാവശ്യം ഈ സ്കൂൾ കരസ്ഥമാക്കിയിട്ടുണ്ട്.



## സ്കൂളിലെ മുൻ സൂപ്രണ്ടുമാർ

1 ശ്രീ കെ വി രവീന്ദ്രൻ
2 ശ്രീ ബാലകൃഷ്ണൻ നായർ
3 ശ്രീ സി പി കുഞ്ഞികൃഷ്ണൻ നായർ
4 ശ്രീ കെ സി രാമകൃഷ്ണൻ നായർ
5 ശ്രീ ഓ ബാലകൃഷ്ണൻ നായർ
6 ശ്രീ സി പി തോമസ്
7 ശ്രീ മുഹമ്മദ് അലി സി
8 ശ്രീ ടി ഗോപാലകൃഷ്ണൻ
9 ശ്രീ ഇ രവീന്ദ്രൻ
10 ശ്രീ വി വി അശോകൻ
11 ശ്രീ ഇ രവീന്ദ്രൻ
12 ശ്രീ ടി കൃഷ്ണകുമാർ
13 ശ്രീ കെ രഞ്ജിത്ത് കുമാർ
14 ശ്രീ ടി കൃഷ്ണകുമാർ
15 ശ്രീ എം വിനോദൻ
16 ശ്രീ ടി കൃഷ്ണകുമാർ
17 ശ്രീ മുഹമ്മദ് മട്ടാര
18 ശ്രീ എം പ്രേംചന്ദ്
19 ശ്രീ എ കെ സുരേഷ്ബാബു
20 ശ്രീമതി പി സീത
21 ശ്രീ വി വാസുദേവൻ
22 ശ്രീ പി സത്യൻ
23 ശ്രീ ജോസഫ് പി ജെ
24 ശ്രീ പി സത്യൻ
25 ശ്രീ മുരളി ടി എസ്
26 ശ്രീ സുഗതകുമാർ കെ സി
27 ശ്രീ സുരജിത് എ വി

## കവിത

# യുദ്ധം എന്ന വിപത്ത്



ദൈവമേ നീയറിയുമോ

ഈ പുണ്യ ഭൂമിയിൽ യുദ്ധം ആണ്

ദൈവ ശബ്ദം കേട്ട് കണ്ണടക്കേണ്ട

മനുഷ്യൻ ഇന്നു കാണുന്നത്

മനുഷ്യ ശവങ്ങളാണ്

യുദ്ധം വിനാശത്തിന്റെ വിത്താണ്

ജീവിത കൊതി തീരും മുൻപേ മരണ വാതിൽ നമുക്കു മുന്നിൽ തുറന്നിടും

ഇനിയും പോരെ മനുഷ്യർക്കീ കൊലക്കളി

പുതുയുഗ നന്മയ്ക്കായി നമുക്കൊരുമിക്കാം

സാഹോദര്യം വീണ്ടെടുക്കാം

നീയും ഞാനുമല്ലാതെ നമ്മളായി കഴിയാം

ദേവാംഗ് ആർ എസ്
9 A

## കവിത



# മഴ

ആർക്കുവേണ്ടിയോ പൊഴിഞ്ഞിടുമെൻ മഴ
മനുഷ്യൻ തൻ കഷ്ടപ്പാട് അറിയും മഴ
വൃക്ഷത്തൈകളെ കാക്കുമെൻ മഴ
പൂവുകൾ വിടരുമ്പോൾ സന്തോഷിക്കും എൻ മഴ
രാവിൽ മഞ്ഞുതുള്ളികൾ പൊഴിക്കും എൻമഴ
കിളികൾ തൻ ദാഹം അകറ്റും മഴ
കുളങ്ങൾ തോടുകൾ ശുദ്ധജലം നിറയ്ക്കും മഴ
കാടുകളും പച്ചപ്പും നിറയ്ക്കും മഴ
തുമ്പികൾ കാത്തിരിക്കും മഴ
മരങ്ങൾക്ക് തൻഫലങ്ങൾ കൊടുക്കും മഴ
പുതുമഴ പൊഴിക്കുമ്പോൾ മണ്ണിൻ ഗന്ധം നൽകും മഴ
മൃഗങ്ങൾ തൻ വിഷമം അറിയും മഴ
ലോകം പുതുക്കും എൻ മഴ
കർക്കിടകം തൻ വാരിക്കോരി പെയ്തിടും മഴ
ഞാൻ നിന്നെ ഓർക്കും എൻ മഴ

സനന്ദ് ബി
9 B

കഥ

# ഓർമ്മകളിലെ അവൾ എന്ന വിസ്മയം

തണുത്ത കാറ്റ് വീശുന്ന ഒരു ശിശിരകാല സന്ധ്യാ നേരം. കസേരയിലിരുന്ന് ജനൽ പാളിയിലൂടെ ഞാൻ പുറത്തേക്ക് നോക്കി. ഇളംകാറ്റിലാടിയുലഞ്ഞ് ഒടുക്കം കാറ്റിനു മുന്നിൽ തോൽവി സമ്മതിച്ചു കൊണ്ട് മെല്ലെ നിലത്തേക്ക് പതിക്കുന്ന ഇലകളെ ഞാൻ നോക്കിക്കൊണ്ടിരുന്നു. ഇലകൾ കൊഴിയുന്ന ശിശിരകാലം എന്നെ എന്തെന്നില്ലാതെ വേദനിപ്പിച്ചു. കാരണം ഇലകൾ പൊഴിയുന്ന ശിശിരം എന്നെ ഓർമിപ്പിക്കുന്നത് കൊഴിഞ്ഞുപോയ എന്റെ ഇന്നലെകളെയാണ്.

ഞാൻ അശ്വിൻ ഇത് എന്റെ കഥയാണ്. എന്നെ ഇന്നത്തെ ഞാനാക്കിയ എന്റെ ഇന്നലെകളിലേക്കുള്ള തിരിച്ചുപോക്കാണ് ഈ കഥ. ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലം , എന്നെപ്പറ്റി പറയുകയാണെങ്കിൽ ഞാൻ ഒരു പ്രത്യേക തരം സ്വഭാവക്കാരൻ ആയിരുന്നു. അധികം ആരോടും അടുക്കാത്ത പ്രകൃതം. അതുകൊണ്ടുതന്നെ എനിക്ക് സുഹൃത്തുക്കളും നന്നേ കുറവായിരുന്നു. കുറവായിരുന്നു എന്നു പറയാൻ പറ്റില്ല ഇല്ലായിരുന്നു എന്നാണ് സത്യം. എനിക്കെഴുതാൻ ഒരുപാട് ഇഷ്ടമായിരുന്നു അതുപോലെ വായിക്കാനും. സുഹൃത്തുക്കൾ ഇല്ലാതിരുന്ന ഞാൻ പുസ്തകങ്ങളെ സുഹൃത്തായി സ്വീകരിച്ചു. സുഹൃത്തുക്കൾ ഇല്ലാത്തതിൽ എനിക്ക് വിഷമം ഒന്നും ഇല്ലായിരുന്നു കാരണം പുസ്തകങ്ങളുടെ ഏകാന്തതയെ ഞാൻ ഏറെ ഇഷ്ടപെട്ടിരുന്നു.

അങ്ങനെ ഇരിക്കയാണ് എന്റെ ക്ലാസിലേക്ക് പുതിയൊരു വിദ്യാർത്ഥി സ്കൂൾ മാറി വരുന്നത്. അവളിൽ എന്നെ ഏറെ വിസ്മയിപ്പിച്ച കാര്യം എന്തെന്നാൽ അവളും എന്നെപ്പോലെ തന്നെയായിരുന്നു. അവൾക്ക് ചങ്ങാതിമാരൊക്കെ ഉണ്ട് എന്നാൽ ചുരുക്കം ചിലരെ ഉണ്ടായിരുന്നുള്ളൂ. അധികം സംസാരിക്കാത്ത പ്രകൃതം. അങ്ങനെ ദിവസങ്ങൾ കടന്നുപോയി, ഒരു ദിവസം കാന്റീനിൽ ഇരുന്ന് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അവൾ എൻറെ മുന്നിലായി വന്നിരുന്നു ഞാനൊന്ന് അമ്പരന്നു എങ്കിലും വീണ്ടും അവളെ ശ്രദ്ധിക്കാതെ കഴിച്ചുകൊണ്ടിരുന്നു. അപ്പോൾ അവൾ ഒരു പുസ്തകം മേശപ്പുറത്ത് വെച്ച് എനിക്കു നേരെ നീട്ടി. ആ പുസ്തകം കണ്ടതും ആശ്ചര്യത്തോടെ ഞാൻ അവളെ നോക്കി കാരണം അത് എൻറെ ഡയറി ആയിരുന്നു.

"ഏകാന്തത വളരെ മനോഹരം തന്നെ എന്നാൽ നമ്മളെ കേൾക്കാനും നമുക്ക് കേൾക്കാനും കൂടെ ഒരു സുഹൃത്ത് ഉള്ളത് എത്ര മനോഹരമായിരിക്കും."ചെറുപുഞ്ചിരിയോടെ അവൾ പറഞ്ഞു.അവളുടെ വാക്കുകൾ എന്നിലും പുഞ്ചിരി വിടർത്തി കാരണം അത് എന്റെ വാക്കുകളാണ് . അതെ അവൾ എന്റെ ഡയറി വായിച്ചിരിക്കുന്നു . അവളുടെ ആ വാക്കുകൾ എന്നിൽ മാറ്റങ്ങൾ കൊണ്ടുവന്നു .ഞങ്ങൾ പെട്ടെന്ന് തന്നെ സുഹൃത്തുക്കളായി മാറി . എന്റെ എഴുത്തുകൾ അവൾക്കേറെ ഇഷ്ടമായിരുന്നു . ഞാൻ അവ ആർക്കും കാണിച്ചു കൊടുക്കാറില്ലായിരുന്നു . എന്നാൽ അവൾ എപ്പോഴും പറയാറുണ്ട് എന്റെ കവിതകൾ മറ്റുള്ളവർ കാണേണ്ടവ തന്നെയാണ് . പക്ഷെ മറ്റുള്ളവർ എന്ത് കരുതും എന്ന ചിന്ത എന്നെ അതിനു അനുവദിച്ചില്ല . അങ്ങനെ ദിവസങ്ങൾ പിന്നെയും കൊഴിഞ്ഞുപോയി . ഒരു ദിവസം അവൾ സ്കൂളിൽ വന്നില്ല , അന്നാണ് ഞാൻ ഒരു കാര്യം മനസ്സിലാക്കിയത് എന്തെന്നാൽ ഏകാന്തതയെ പ്രണയിക്കുന്ന ഞാൻ ഇന്ന് ഏകാന്തത എന്തെന്ന് മറന്നിരിക്കുന്നു. ഏകാന്തതയെ ഇഷ്ടപ്പെട്ടിരുന്ന രണ്ടുപേർ പരസ്പരം അവരിൽ കണ്ടെത്തിയ സൗഹൃദം അവരുടെ ഏകാന്തതയെ തോൽപ്പിച്ചിരിക്കുന്നു. അടുത്ത രണ്ട് ദിവസവും അവൾ വന്നില്ല, ഇനി ഒരിക്കലും വരികയുമില്ല, ആക്സിഡൻറ് ആയിരുന്നു...........അവൾ എന്നിൽ ഉണ്ടാക്കിയ മാറ്റമാണ് അവൾ എനിക്ക് തന്ന സമ്മാനം. അപ്രതീക്ഷിതമായി എന്റെ ജീവിതത്തിലേക്ക് അവൾ വന്നു അതുപോലെ തന്നെ തിരിച്ചും പോയി. എനിക്ക് എന്തൊക്കെയോ പകർന്നു തരാനായി ഒരു മാലാഖയെ പോലെ.....

ഇന്ന് ഞാൻ ലോകം അറിയപ്പെടുന്ന ഒരു എഴുത്തുകാരനാണ്. എന്റെ എഴുത്തുകൾ മറ്റുള്ളവർ കാണണമെന്ന് അവൾ ആഗ്രഹിച്ചു. അവളുടെ ആഗ്രഹം പോലെ എന്റെ എഴുത്തുകൾ ഞാൻ എല്ലാവരിലേക്കും എത്തിച്ചു. എപ്രകാരമാണോ അവൾ എൻറെ ജീവിതത്തിലേക്ക് ഒരു വെളിച്ചമായി വന്നത് അതുപോലെ തന്നെ എന്റെ എഴുത്തുകൾ മറ്റുള്ളവരുടെ ജീവിതത്തിലും പ്രകാശമാവട്ടെ. ഇളം കാറ്റിൽ കൊഴിയുന്ന ഓരോ ഇലകളിലും ഓരോ ഓർമ്മകൾ ഉണ്ട്. ഇലകൾ കൊഴിയുന്ന ശിശിരകാലം നോക്കവേ എനിക്ക് ഓർമ്മ വരുന്നത് അവളെയാണ്. അവളുടെ മായാജാലം തീർത്ത വിസ്മയമാർന്ന എന്റെ ഓർമ്മകളെയാണ് എന്നെ ഞാൻ ആക്കിയ അവളുടെ കൂടെയുള്ള ദിനങ്ങളാണ് ഓരോ ശിശിരകാലവും എന്നിൽ അവശേഷിപ്പിക്കുന്നത്. അവൾ ഒരു വിസ്മയം ആയിരുന്നു, എന്റെ ഓർമ്മകളിലെ അവൾ എന്ന വിസ്മയം.

അന്ദ്രിജ ജെ എസ്
10 A

# ശാസ്ത്ര 2023


## ശാസ്ത്രസാങ്കേതിക വിദ്യാ പ്രദർശനം













യാത്രാവിവരണം

## മേൽ പഴനി വരെ ഒരു യാത്ര

ഒരു ദിവസം അമ്മ പറഞ്ഞു നമ്മളെല്ലാവരും കൂടി മേൽ പഴനി വരെ ഒരു യാത്ര പോകുന്നു. ഞാൻ ആദ്യമായിട്ടാണ് മേൽ പഴനി എന്ന് കേൾക്കുന്നത്. അതൊരു കുടുംബ യാത്രയായിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി. ഞാനും എന്റെ  അനുജത്തിയും വളരെയധികം സന്തോഷത്തിലായിരുന്നു. ഞങ്ങൾ ട്രാവലറിലാണ് യാത്ര പോകുന്നത്. യാത്ര തുടങ്ങി വണ്ടിയിൽ കുറെ നേരം ഇരുന്നു പിന്നെ അലസമായി തോന്നി. ഡ്രൈവർക്ക് ഞങ്ങളുടെ അലസതയുടെ കാര്യം മനസ്സിലായി . ഡ്രൈവർ പാട്ടുവെച്ചു എന്നിട്ടും ഞങ്ങൾക്കൊരു ഉത്സാഹവും ഇല്ല. അവസാനം ഞങ്ങളുടെ വണ്ടിയിൽ ഉള്ളവർ തന്നെ പാട്ടുകൾ പാടാൻ തുടങ്ങി. പിന്നെ ഞങ്ങൾ കുട്ടികളുടെ ഡാൻസ് തുടങ്ങി. പിന്നെ അവിടെ എത്തുന്നത് വരെ ഡാൻസ് നീണ്ടുനിന്നു .അങ്ങനെയൊടുവിൽ അവിടെ എത്തി. അപ്പോഴേക്കും എല്ലാവർക്കും വിശക്കാൻ തുടങ്ങി. അതിനടുത്തുള്ള ഒരു വെജിറ്റേറിയൻ ഹോട്ടലിൽ കയറി പക്ഷേ അവിടുത്തെ ഭക്ഷണം തീർന്നു പോയതുകൊണ്ട് അവിടെ നിന്നും ഇറങ്ങേണ്ടി വന്നു. എന്നിട്ട് വേറെ ഹോട്ടലിൽ കയറി നല്ല സ്വാദുള്ള വടയും സാമ്പാറും കഴിച്ചു .അത് കഴിഞ്ഞ് മേൽ പഴനിയിലേക്ക് പ്രവേശിച്ചു. ഞാൻ ആദ്യം കണ്ടത് പഴനിയുടെ മുന്നിൽ തന്നെ ഒരു നെല്ലിക്ക മരമാണ്. ഞാൻ അതിൻറെ അടുത്ത് ചെന്നപ്പോൾ തന്നെ ആ മരത്തിൽ നിന്ന് ഒരു നെല്ലിക്ക താഴെ വീണു. എന്നിട്ട് ഞാനത് കഴുകി കഴിച്ചു . അവിടെനിന്ന് ഒരു സുബ്രഹ്മണ്യ ഭക്തൻ ദൈവ ഗീതങ്ങൾ പാടുന്നു. കുറച്ചുനേരം ഞങ്ങൾ അത് കേട്ടുനിന്നു. പിന്നെ ഓരോ വഴിപാടിലേക്ക് തിരിഞ്ഞു. അപ്പോഴേക്കും അവിടെ അന്നദാനത്തിനുള്ള ടോക്കൺ കൊടുത്തു തുടങ്ങി.  ഞങ്ങൾക്ക് വേണ്ടി ഇരുപത്തിയഞ്ച് ടോക്കൺ വാങ്ങിക്കൊണ്ടുവന്നു. അപ്പോഴാണ് ഞാൻ അറിയുന്നത് ഞങ്ങളുടെ കൂട്ടത്തിൽ ഒരുപാട് ആളുണ്ടെന്ന്. അന്നദാന ടോക്കൺ നാലായി തരം തിരിച്ചിരുന്നു. ടോക്കണിന് പച്ച ,വെള്ള ,നീല ,ചുവപ്പ് എന്നീ നിറങ്ങൾ ആയിരുന്നു. ഞങ്ങൾക്ക് കിട്ടിയത് നീലയായിരുന്നു.  അങ്ങനെ ഞങ്ങൾ ഓരോരുത്തരായി ഭക്ഷണം കഴിക്കാൻ കയറി. എല്ലാവരുടെയും ഉച്ചഭക്ഷണം അങ്ങനെ പഴനിയിലായി. എല്ലാം കഴിഞ്ഞ് പഴനിയിൽ നിന്ന് ഇറങ്ങുമ്പോൾ പഞ്ചാമൃതം വാങ്ങി. പിന്നെ രാത്രി ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. എന്നോട് ആരോ ഒരു കാര്യം കൂടി പറഞ്ഞു ഇനിയും ഇതുപോലെത്തെ യാത്രയ്ക്കായി കാത്തുനിൽക്കുന്നു.

**അമൻ സലീഷ് കെ**
**9 B**

## കഥ

മുഹമ്മദ് സാബിത്ത്
10 B

# മനുഷ്യത്വം മരവിച്ച പോയ ജന്മങ്ങൾ

തത്തമംഗലം എന്ന ചെറിയ ഒരു പ്രദേശം. അധികമൊന്നും വികസിതമല്ലാത്ത ഒരു പ്രദേശമാണ് തത്തമംഗലം. അവിടെ സമ്പന്നമായ കുടുംബങ്ങൾ വളരെ കുറവാണ്. കാവേരി പുഴയുടെ തീരത്ത് ഒരച്ഛനും അമ്മയും രണ്ടു മക്കളും ചേർന്ന് താമസിക്കുന്ന ഒരു ചെറിയ കുടിൽ. വീട്ടിൽ വൈദ്യുതി ഒന്നും ഇല്ല കേട്ടോ. ആ വീട്ടിലെ കുട്ടികളാണ് മാളുവും അനുജൻ മാധവനും. രണ്ടുപേരും തത്തമംഗലം യുപി സ്കൂളിൽ ആണ് പഠിക്കുന്നത്. അച്ഛന് കൽപ്പണിയാണ്. അമ്മ ശങ്കരനുണ്ണിത്താന്റെ വീട്ടിലെ തോട്ടത്തിൽ ജോലി ചെയ്യുന്നു. പുലർച്ചെ അച്ഛൻ പണിക്കുപോകും. മക്കളെ സ്കൂളിൽ വിട്ട് അമ്മയും പോകും. രണ്ടുപേരുടെയും തുച്ഛമായ ശമ്പളം കൊണ്ടാണ് ആ കുടുംബം കഴിഞ്ഞുപോകുന്നത്. ആ നാട്ടിലെ ഏറ്റവും വലിയ സമ്പന്നനാണ് ശങ്കരനുണ്ണിത്താൻ. ഏക്കർ കണക്കിന് വയലും ഫാക്ടറികളും ഒക്കെ ശങ്കരനുണ്ണിത്താനുണ്ട്. അവരുടെ വീട്ടിൽ നിറയെ ജോലിക്കാരുണ്ട്. അതിലൊരാളാണ് ആ അമ്മ.

മാളുവും മാധവനും പഠനത്തിൽ മിടുക്കരായിരുന്നു. മാളു ആറാം ക്ലാസിലും മാധവൻ നാലാം ക്ലാസിലും ആണ് പഠിക്കുന്നത്. അവരുടെ ജീവിതം വളരെ സന്തോഷത്തിലും സമാധാനത്തിലും കഴിഞ്ഞു പോയിക്കൊണ്ടിരുന്നു. ആരുടെയും ഒരു അലമ്പില്ലാതെ ആരെയും വേദനിപ്പിക്കാതെ ഉള്ളതുകൊണ്ട് അവർ കഴിയും.

ഒരു ദിവസം മാളുവും മാധവനും സ്കൂൾ വിട്ട് സന്തോഷത്തോടെ വയൽ വരമ്പിലൂടെ നടന്നു വീട്ടിലെത്തി. അമ്മ ജോലി കഴിഞ്ഞ് വീട്ടിൽ ഉണ്ടായിരുന്നു. അച്ഛൻ അഞ്ചുമണിക്കാണ് വീട്ടിലെത്താറ്. അവർ വീട്ടിലെത്തി ആറു മണിയായിട്ടും അച്ഛൻ വീട്ടിലെത്തിയില്ല. എന്തെന്നില്ലാതെ കോരിച്ചൊരിയുന്ന മഴ. ആകാശത്ത് കാർമേഘങ്ങൾ ഇരുണ്ടു കൂടുന്നു. പ്രകൃതി ഒരു ഭ്രാന്തിയെ പോലെ ആയി മാറി. ശക്തിയിൽ കാറ്റ് വീശുന്നു. ആ അമ്മയുടെ മനസ്സിൽ എന്തൊക്കെയോ ചിന്തകൾ വന്നു കൂടി. ആ ചിന്തകൾ അമ്മയെ വേട്ടയാടി കൊണ്ടിരുന്നു."അമ്മേ അച്ഛൻ എവിടെ"മാളുവിന്റെ ആ ചോദ്യം അമ്മയെ വീണ്ടും അസ്വസ്ഥയാക്കി. സമയം രാത്രി എട്ടുമണി അച്ഛൻ വന്നില്ല. പ്രകൃതിക്ക് ഒരു മാറ്റവും ഇല്ല. പാതി ജീവനുള്ള മൂന്നുപേർ വെന്തുരുകിയിരുന്നു. പ്രകൃതി ഒന്നടങ്ങി. മഴയുടെ ശക്തി കുറഞ്ഞു. ഇടിമുഴക്കം അങ്ങകലെ എവിടെയോ പൊട്ടുന്നതുപോലെ കേൾക്കാം. അമ്മ ഒന്ന് വാതിൽ തുറന്നു നോക്കി ആരുമില്ല. ആ വീട്ടിൽ ആകെ ഒരു മൊബൈൽ ഫോൺ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് അച്ഛൻറെ അടുത്താണ്. ആ അമ്മ എങ്ങനെയൊക്കെയോ രാത്രി തള്ളി നീക്കി.

സമയം പ്രഭാതം ആ വീട്ടിൽ ആരും ഉറങ്ങിയിട്ടില്ല. കരച്ചിലോടെ അമ്മയും മക്കളും. പുറംലോകം ഇതൊന്നും അറിയുന്നില്ല. ആ അമ്മ വേഗം പോലീസ് സ്റ്റേഷനിൽ പോയി പരാതിപ്പെട്ടു. പക്ഷേ ആ അമ്മക്ക് തൃപ്തി ആയില്ല. പോലീസുകാർ അങ്ങനെയായിരുന്നു അവരോട് പെരുമാറിയത്. ആ അമ്മ മക്കളെയും കൂട്ടി എല്ലായിടത്തും അന്വേഷിച്ചു. അനുകൂലമായ മറുപടി എവിടെ നിന്നും കിട്ടിയില്ല. ആ അമ്മയുടെ മനസ്സ് പാതി ഉരുകി കഴിഞ്ഞു. ഇന്നലെ വൈകുന്നേരം കഴിച്ച കുറച്ചു ചോറ് മാത്രമായിരുന്നു മൂന്നുപേരുടെയും വയറ്റിൽ. അതിനുശേഷം അവർ ഒന്നും കഴിച്ചിട്ടില്ല. മക്കൾക്ക് വിശക്കാൻ തുടങ്ങി. അവർ വീട്ടിലേക്ക് പോയി. ചോറ് മുഴുവൻ പുളിച്ചു പോയിരുന്നു. എങ്കിലും അമ്മ അവർക്ക് അത് കൊടുത്തു. അമ്മയ്ക്ക് ഒന്നും കഴിക്കാൻ തോന്നുന്നില്ല. മക്കൾ ഇടയ്ക്കിടയ്ക്ക് ഓരോ ചോദ്യങ്ങൾ അച്ഛനെ കുറിച്ച് ചോദിക്കുമ്പോൾ ആ അമ്മയ്ക്ക് മറുപടിയില്ല. അമ്മ വീണ്ടും പോലീസ് സ്റ്റേഷനിൽ ചെന്നു. പക്ഷേ അവർ അന്വേഷിക്കുന്നുണ്ട് എന്ന് പറയുകയല്ലാതെ വേറൊരു മറുപടിയുമില്ല. ഇത്ര സമയമായിട്ടും പുറംലോകം ആരും അവരെ ബന്ധപ്പെട്ടില്ല. ഇന്നത്തേക്ക് മൂന്ന് ദിവസമായി അച്ഛനെ കാണാതായിട്ട്. അച്ഛനെവിടെ?

ആളുകൾ ഓരോരുത്തരായി ആ കുടിലിൽ വന്നു തുടങ്ങി. ചിലരുടെ വേണ്ടാത്ത വാചകമടികളൊക്കെ ആ അമ്മയെ മാനസികമായി തളർത്തി. പോലീസുകാർ ഈ വിഷയത്തിൽ അധിക പ്രാധാന്യമൊന്നും കൊടുത്തില്ല. പിന്നീട് ചില മനുഷ്യത്വമുള്ള ആളുകൾ ഈ കേസ് അന്വേഷണം ഒന്ന് കടുപ്പിക്കാൻ പോലീസിനോട് ആവശ്യപ്പെട്ടു. അപ്പോഴാണ് അവർക്ക് ചൂട് കയറിയത്. ഈ കേസ് അന്വേഷണം കടുപ്പിച്ചില്ലെങ്കിൽ ആളുകൾ വെറുതെ നിൽക്കില്ല എന്നവർക്ക് മനസ്സിലായി. അവർ അന്വേഷിക്കാൻ തുടങ്ങി.

ഇന്നത്തേക്ക് ഒരാഴ്ചയായി അച്ഛനെ കാണാതായിട്ട്. ആ കുടുംബത്തിന്റെ ഒരു നെടുംതൂൺ ആയിരുന്നു ആ മനുഷ്യൻ .ആരെയും വെറുപ്പിക്കാത്തവൻ, നിഷ്കളങ്കൻ, ഒരു ദുശ്ശീലവും ഇല്ലായിരുന്നു

അയാൾക്ക്. ഇങ്ങനെയുള്ള അയാൾക്ക് എന്തുപറ്റി? അയാൾ എവിടെ? ജീവിച്ചിരിപ്പുണ്ടോ? ആർക്കും ഒന്നും മനസ്സിലായില്ല.

അങ്ങനെയിരിക്കെയാണ് ഒരു അപരിചിതൻ പോലീസിനോട് ഒരു കാര്യം പറഞ്ഞത്. അന്ന് കാണാതാവുന്ന ദിവസം അയാളെ ബസ്സ്റ്റാൻഡിൽ വച്ച് കണ്ടിരുന്നു എന്ന്. പോലീസ് ചോദിച്ചു"അയാൾ എന്നിട്ട് എങ്ങോട്ടാണ് പോയത്?"അപരിചിതൻ പറഞ്ഞു അയാൾ തിരുവനന്തപുരത്തേക്കുള്ള ബസ്സിലാണ് കയറിയത്. പോലീസ് ബസ് സ്റ്റാൻഡിൽ പോയി സിസിടിവിയിൽ പരിശോധിച്ചു. പക്ഷേ ആ അപരിചിതൻ പറഞ്ഞത് വെറും നുണയായിരുന്നു. പോലീസ് ആകെ ആശയക്കുഴപ്പത്തിലായി. പോലീസ് ഭാര്യയോട് അയാളെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ചു. ആ അമ്മ ഇപ്പോൾ ഒരു യഥാർത്ഥ ഭ്രാന്തിയെ പോലെ ആയി മാറി. മുടിയൊക്കെ പറിച്ച് കറുത്ത് കരുവാളിച്ച് ആരോടും മിണ്ടാതെ ആകെ മാറിപ്പോയി. മക്കൾ അച്ഛനെയും കാത്ത് വീട്ടു വാതിൽക്കൽ നിൽക്കും. കതകിന് ആരെയെങ്കിലും വന്നു മുട്ടിയാൽ അവർ പ്രതീക്ഷയോടെ കതക് തുറക്കും. പക്ഷേ അവരുടെ അച്ഛനായിരിക്കില്ല അത്. അച്ഛനോടൊപ്പം ഉള്ള അവരുടെ ഓർമ്മകൾ അവർക്ക് മായാത്ത ഓർമ്മകളാണ്. അവർക്ക് അച്ഛൻ തിരിച്ചു വരുമെന്ന് ഉറപ്പുണ്ടായിരുന്നു. എവിടെയെങ്കിലും അജ്ഞാത മൃതദേഹം കണ്ടാൽ പോലീസ് അമ്മയെ വിളിച്ചു കാണിച്ചുകൊടുക്കും. പക്ഷേ അത് അവരുടെ ഭർത്താവ് ആയിരിക്കില്ല. ഈ വാർത്ത മാധ്യമങ്ങൾക്ക് ഒരാഘോഷമായി മാറി. ദിവസവും അച്ഛനെ കുറിച്ചുള്ള വാർത്ത പത്രത്തിൽ ഉണ്ടാവും.

ഒരിക്കൽ അതിരാവിലെ പോലീസിന് ഒരു കോൾ വന്നു. ഒരു യുവാവ് ആയിരുന്നു വിളിച്ചിരുന്നത്. അയാൾ പറഞ്ഞു ഈയിടെ പത്രത്തിൽ കണ്ടുവരുന്ന അയാളെ എനിക്കറിയാം. അയാൾ ഒരു ദിവസം വൈകുന്നേരം നടന്നു വരുമ്പോൾ ഇയാളെ ഒരു വാനിൽ ചിലർ വന്ന് തട്ടിക്കൊണ്ടുപോകുന്നത് കണ്ടിരുന്നു. എവിടുന്നാ കണ്ടത് പോലീസ് ചോദിച്ചു. അയാൾ പറഞ്ഞു നമ്മുടെ ഇഎംഎസ് വായനശാലയുടെ ആ വളവിൽ വച്ച്. നിങ്ങൾക്ക് ഈ വാൻ കണ്ടാൽ തിരിച്ചറിയാൻ സാധിക്കുമോ പോലീസ് ചോദിച്ചു .എനിക്ക് തിരിച്ചറിയാം അതിന്റെ നമ്പറും എനിക്കറിയാം. എങ്കിൽ നിങ്ങൾ വേഗം പോലീസ് സ്റ്റേഷനിൽ എത്തു. ഒരു മണിക്കൂറിനുള്ളിൽ അയാൾ സ്റ്റേഷനിൽ എത്തി. പോലീസ് അയാളെയും കൂട്ടി അന്വേഷണത്തിന് പുറപ്പെട്ടു. ആ വണ്ടി കണ്ടെത്തി. അത് ശങ്കരനുണ്ണിത്താന്റെ വണ്ടിയായിരുന്നു. പോലീസ് ശങ്കരനുണ്ണിത്താനെ വിളിച്ച് ചോദ്യം ചെയ്തു. ഈ വാർത്ത കാട്ടുതീ പോലെ പടർന്നു. എല്ലാവരും പറഞ്ഞു ശങ്കരനുണ്ണിത്താനാണ് തട്ടിക്കൊണ്ടുപോയതെന്ന്. പക്ഷേ ശങ്കരനുണ്ണിത്താന് ഒന്നുമറിയില്ല. അയാളുടെ വണ്ടി കൊണ്ടുപോയത് അവിടത്തെ ജോലിക്കാരാണ്. അങ്ങനെ പോലീസുകാർ ജോലിക്കാരെ വിളിച്ച് ചോദ്യം ചെയ്തു. ചോദ്യം ചെയ്യലിൽ ആ പോലീസുകാർ അഞ്ചു പേരെ പിടികൂടി. ആ അഞ്ചക്ക സംഘം കുറ്റം സമ്മതിച്ചു. ആ അമ്മയുടെ കണ്ണിൽ നേരിയ പ്രകാശം. ഇനിയും ചിലത് അറിയാനുണ്ട്. അവർ എന്തിന് തട്ടിക്കൊണ്ടു പോയി? ആർക്കുവേണ്ടി? എന്ന ചോദ്യങ്ങൾ ബാക്കി. പോലീസ് കുറ്റവാളികളെ നല്ല രീതിയിൽ പെരുമാറി ചോദ്യം ചെയ്തു. അവർ മണിമണിയായി ഉത്തരം നൽകി.

അന്ന് ആ മനുഷ്യൻ ജോലി ചെയ്യുന്ന സ്ഥലത്ത് ഈ അഞ്ചുപേരും ഉണ്ടായിരുന്നു. അവർ അവിടെ വലിയ രീതിയിലുള്ള ലഹരി കൈമാറിക്കൊണ്ടിരിക്കുകയായിരുന്നു.. ഇത് ഇയാൾ അറിഞ്ഞു എന്ന് അവർ മനസ്സിലാക്കി. അയാൾ പോലീസ് സ്റ്റേഷനിൽ അറിയിച്ചാലോ എന്ന പേടിയിൽ അവർ അയാളെ പണി കഴിഞ്ഞ് വീട്ടിൽ മക്കൾക്കുള്ള മിഠായിയുമായി പോകുന്ന വഴിയിൽ തട്ടിക്കൊണ്ടുപോയി ഉപയോഗശൂന്യമായ ഒരു വീട്ടിലെത്തിച്ചു. അയാൾ കരഞ്ഞു പറഞ്ഞിട്ടും ആ മനുഷ്യ പിശാചുക്കൾ വെറുതെ വിട്ടില്ല. ആദ്യം അയാളെ കഴുത്തറുത്ത് കൊന്നു. പിന്നീട് തെളിവില്ലാതിരിക്കാൻ വേണ്ടി മാംസക്കഷണങ്ങൾ മുറിച്ചുമാറ്റി വേവിച്ചു തിന്നു. എല്ലുകൾ കരിച്ചു കളഞ്ഞു. നമുക്കറിയാം ഇന്ത്യയിലെ ഒരു ഗ്രാമത്തിൽ ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ട്. സുഹൃത്തുക്കൾ കൂടി അവരുടെ ചങ്ങാതിയെ ഭക്ഷിച്ചു നിന്ന കഥ. ഇതൊന്നും ഇന്ത്യക്ക് ഒരു പുതു വാർത്തയല്ല.

ഈ വാർത്ത കേട്ട് നാട്ടു നടുങ്ങിപ്പോയി. യുവജനങ്ങളുടെ കോപം ആളിക്കത്തി. നിയമപാലകർ വിറച്ചു പോയി. ആ അമ്മയുടെ എല്ലാ പ്രതീക്ഷകളും തകർന്നു പോയി. മക്കൾ അനാഥരായി. അവർ വിധവയായി. മറവ് ചെയ്യാൻ പോലും ശരീരം കിട്ടിയില്ല. രാഷ്ട്രീയക്കാർ കൊടികളും ഏന്തി റോഡിലിറങ്ങി. മാധ്യമങ്ങൾ പത്രങ്ങൾ നിറച്ചു. ആ വീട്ടിൽ കൂട്ടക്കരച്ചിൽ ഉയർന്നുപൊങ്ങി. ഇനി ഹൈക്കോടതി വിധി പറയണം. വിധി പറയുന്ന ദിവസം എല്ലാവരും പ്രതീക്ഷിച്ച പോലെ വിധി പറഞ്ഞു. പ്രതികൾക്ക് എല്ലാം തൂക്കുകയർ.

"കുറ്റവാളികളെ നിങ്ങൾക്ക് മാപ്പില്ല
നീതിക്കു മുമ്പിൽ നിങ്ങൾക്ക് കഴുമരം".

ഈ വിധി കേൾക്കാൻ മാത്രമാണ് ആ മൂന്നു ജന്മങ്ങൾ കാത്തിരുന്നത്. അച്ഛൻ അവരുടെ മനസ്സിൽ എന്നും മായാത്ത ഓർമ്മകളായി തങ്ങി നിന്നു.

# അനുഭവക്കുറിപ്പ്

ഏഴാം ക്ലാസ് അവധിക്കാലത്ത് കൂട്ടുകാരോടൊപ്പം കളിച്ചു നടന്ന ഞാൻ എട്ടാം ക്ലാസിനു വേണ്ടി കണ്ടെത്തിയ സ്കൂൾ പയ്യോളി ഹൈസ്കൂൾ ആയിരുന്നു. കൂട്ടുകാരെല്ലാം എന്റെ കൂടെ തന്നെയായിരുന്നു. അവധിക്കാലം ആസ്വദിച്ചു കളിച്ചു നടന്നു.  എന്റെ ഭാവി ഭാവികാലത്തേക്കുള്ള സ്വപ്നം ഒരു എൻജിനീയർ ആവുക എന്നതായിരുന്നു. പക്ഷേ പയ്യോളി ഹൈസ്കൂളിൽ പഠിച്ചാൽ എന്റെ  സ്വപ്നത്തിലേക്ക് എനിക്ക് എത്താൻ സാധിക്കില്ല എന്ന് ഏട്ടനിലൂടെ മനസ്സിലാക്കി. അങ്ങനെ ഞാൻ കണ്ടെത്തിയ പുതിയ സ്കൂൾ പയ്യോളി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ ആയിരുന്നു. മാതാപിതാക്കളോട് കാര്യം പറഞ്ഞു ഉറപ്പിച്ചു. അങ്ങനെ അവധിക്കാലം മാഞ്ഞുപോയി. അച്ഛൻ ഒരു ദിവസം എന്നോട് പറഞ്ഞു നാളെ നിന്നെ സ്കൂളിൽ ചേർക്കാൻ പോകാമെന്ന്. ആ ദിവസം എനിക്ക് ഉറക്കം വന്നില്ല. നാളെത്തന്നെ ഹൈസ്കൂളിലേക്ക് ചേർക്കാൻ പോവുകയാണ് എന്ന പേടിയും. പഴയ കൂട്ടുകാരെയും സ്കൂളും വിട്ടുപോകുകയാണ് എന്ന ചിന്തയും എന്റെ  മനസ്സിൽ മായാതെ കിടന്നു. പിറ്റേന്ന് രാവിലെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി അച്ഛനോടൊപ്പം ടെക്നിക്കൽ ഹൈസ്കൂളിലേക്ക് പോയി. എന്റെ പേടികൂടി. സ്കൂളിലെത്തിയപ്പോൾ എന്നെ പോലെയുള്ള ഒരുപാട് കുട്ടികൾ അവിടെ ഉണ്ടായിരുന്നു. അവരെയൊക്കെ നോക്കി നിന്നു. ആ ദിവസവും കഴിഞ്ഞു പോയി. പിന്നെ സ്കൂളിലേക്കുള്ള ആദ്യദിവസം. കുറേയധികം കൂട്ടുകാരെ കിട്ടി. അങ്ങനെ എല്ലാവരെയും സ്കൂളിനെയും പഠിച്ചു. എന്റെ  കൂടെ ഏഴാം ക്ലാസിൽ പഠിച്ച ഒരു കുട്ടി മാത്രം എന്റെ കൂടെ ഉണ്ടായിരുന്നു. പിന്നെ തൊട്ട് സ്കൂളിൽ പോകാൻ ആവേശമായി. ആ സമയത്ത് ഞങ്ങളുടെ കുടുംബക്ഷേത്രത്തിൽ ഉത്സവമായിരുന്നു. കൂട്ടുകാരെ ഒക്കെ ക്ഷണിച്ചു. ഉത്സവം ഭംഗിയായി കഴിഞ്ഞു. അപ്പോഴാണ് എന്റെ കൂടെ ഏഴാം ക്ലാസിൽ പഠിച്ച കുട്ടിയുടെ ഏട്ടന്റെ കല്യാണത്തിന് ക്ഷണിച്ചത്. ഞാനവിടെ എത്താൻ വൈകിയിരുന്നു. എത്തിയപ്പോൾ പഴയ കൂട്ടുകാർ. അവരെയൊക്കെ കണ്ടപ്പോൾ സന്തോഷമായി. ഞാൻ എല്ലാവരുടെയും വിശേഷങ്ങൾ ചോദിച്ചു. പലരും പല സ്ഥലങ്ങളിലെ സ്കൂളിലായിരുന്നു. ഞാനും വിശേഷങ്ങൾ പറഞ്ഞു. പക്ഷേ എന്റെ  ഉറ്റ സുഹൃത്തായ ആസിഫ് മാത്രം ഇല്ലായിരുന്നു. അങ്ങനെ ആ ദിവസവും കഴിഞ്ഞു. വീണ്ടും തിരിച്ച് സ്കൂളിൽ പോയി തുടങ്ങി. പുതിയ കൂട്ടുകാരോട് വിവരങ്ങൾ പറഞ്ഞു രസിച്ചു. ഓരോരോ പിരീഡുകളും ഞങ്ങൾ ആസ്വദിച്ചു. കുറെ കാലങ്ങൾക്ക് ശേഷം എട്ടാം ക്ലാസ് അവധിക്കാലമായി. അടുത്തവർഷം സ്കൂളിലേക്ക് പുതിയ കുട്ടികളും മാഷും ടീച്ചറും ഒക്കെ വന്നു. ഈ സ്കൂളിലേക്ക് വന്നിട്ട് ഒരു വർഷമായി എന്ന് ആലോചിച്ചു ഞാൻ സന്തോഷിച്ചു. പുതിയ കുട്ടികൾ ഓരോ ലക്ഷ്യം കണ്ടെത്തി ഞങ്ങളുടെ സ്കൂളിൽ എത്തി.

**അദിൻ സി പി**
**9 A**

# അമ്മ

കഥ

രാമു എന്ന കുട്ടിയുണ്ടായിരുന്നു. രാമപുരത്താണ് അവന്റെ വീട്. വീട്ടിൽ അമ്മയും അച്ഛനും രാമുവുമാണ് ഉള്ളത്. രാമുവിന്റെ അച്ഛൻ കൈകാലുകൾ തളർന്നു കിടപ്പാണ്. അവൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് അച്ഛൻ കിടപ്പിലായത്. അമ്മയാണ് പണിക്ക് പോയി അവനെ നോക്കിയിരുന്നത്. അമ്മ അവന് വേണ്ട സാധനങ്ങൾ എല്ലാം വാങ്ങി കൊടുക്കുമായിരുന്നു. അവനെ ഒരു ബുദ്ധിമുട്ടും അറിയിക്കാതെയായിരുന്നു വളർത്തിയിരുന്നത്. അതുകൊണ്ട് തന്നെ അവൻ എപ്പോഴും അമ്മയോട് പൈസ വാങ്ങി പോകുമായിരുന്നു. അവന് അതൊരു സുഖമുള്ള കാര്യമായിരുന്നു. അതുകൊണ്ട് തന്നെ അവൻ പല ദുശീലങ്ങളും പഠിച്ചിരുന്നു. പക്ഷേ അവന്റെ ദുശീലങ്ങൾ ഒന്നും അമ്മ അറിയുന്നില്ലായിരുന്നു. ഒരു ദിവസം അവൻ പുകവലിക്കുന്നത് അമ്മ കണ്ടു. അമ്മ അവനെ ഉപദേശിച്ചു. പക്ഷേ അവനെ ഇത്രയും വളർത്തി വലുതാക്കിയ അമ്മയെ ധിക്കരിച്ചു കൊണ്ട് ഇല്ല എന്നു പറഞ്ഞ് അമ്മയെ അവൻ ഗ്രാമത്തിൽ വച്ച് തള്ളി താഴെയിട്ടു. അമ്മ നാണം കെട്ട് വീട്ടിലേക്ക് വിഷമിച്ചു പോയി. എന്നിട്ടും അമ്മ അവനെ തിരുത്താൻ നോക്കി. എങ്കിലും അവൻ മാറാൻ തയ്യാറായില്ല. ഒരു ദിവസം അവന്റെ അച്ഛൻ അവനോട് പറഞ്ഞു." നീ എന്തൊക്കെയാണ് ചെയ്യുന്നതെന്നും നിന്റെ പ്രവർത്തികളെക്കുറിച്ചും എന്നോട് അമ്മ പറഞ്ഞിട്ടുണ്ട്. എനിക്ക് നിന്നെ തിരുത്താനും ശകാരിക്കാനും കഴിയില്ല. അതുകൊണ്ട് നീ നന്നാവില്ല എന്നും അറിയാം. ഞാൻ നിന്നോട് ഒരു കാര്യം പറയാം. നിന്റെ അമ്മ രാവിലെയെന്നോ രാത്രിയെന്നോ ഇല്ലാതെ കഷ്ടപ്പെടുന്നത് നീ കാണുന്നില്ലേ? ഇതൊക്കെ കേൾക്കുമ്പോൾ നിനക്ക് ഒരു പുച്ഛം തോന്നും. നീ ഒരു ദിവസം അമ്മയുടെ കൂടെ അമ്മ അറിയാതെ ഒന്ന് ചെന്ന് നോക്കു. ഞാൻ അമ്മയെ അറിയാതെ എന്നു പറഞ്ഞത് അമ്മ അറിഞ്ഞാൽ നിന്നെ വരാൻ സമ്മതിക്കില്ല. നീ അമ്മ കഷ്ടപ്പെടുന്നത് കണ്ടെങ്കിലും നന്നാവുമെന്നാണ് എനിക്ക് തോന്നുന്നത്. നീ നന്നായില്ലെങ്കിൽ എനിക്കൊന്നും പറയാനില്ല."എന്നു പറഞ്ഞുകൊണ്ട് അച്ഛൻ നിർത്തി. ഇതൊക്കെ കേട്ടിട്ടും രാമുവിന് ഒരു പുതുമയും തോന്നിയില്ലെങ്കിലും അവൻ മനസ്സില്ലാ മനസ്സോടെ അച്ഛൻ പറഞ്ഞതല്ലേ എന്നു കരുതി അടുത്ത ദിവസം രാവിലെ അവനും അമ്മയറിയാതെ അമ്മയുടെ കൂടെ പോയി. അമ്മ രാവിലെ തൊട്ട് മറ്റു വീടുകളിലെ ജോലി ചെയ്യുന്നത് അവൻ കണ്ടു. രാവിലെ അമ്മ വീട്ടിലെ ജോലി കഴിഞ്ഞ് അടുത്ത വീട്ടിൽ ജോലിക്ക് പോയി അവിടെനിന്ന് അവിടെയുള്ളവരുടെ തുണികളും അവരുടെ എച്ചിൽ പാത്രങ്ങളും എല്ലാം കഴുകിവെച്ച് അമ്മ തന്റെ വിഷമങ്ങൾ ഉള്ളിലൊതുക്കി അവിടെ നിൽക്കുന്നത് കണ്ട് അവന് കുറച്ചു സങ്കടവുമായി. അതും കഴിഞ്ഞ് ഉച്ചയ്ക്ക് മറ്റു വീടുകളിലുള്ള എല്ലാവർക്കും കൃത്യസമയത്ത് ഭക്ഷണം എത്തിച്ചു കൊടുക്കുകയും അവിടെ അവർ കഴിച്ചതിന്റെ ബാക്കിയുള്ള ഭക്ഷണം അമ്മയ്ക്ക് കഴിക്കാൻ കൊടുക്കുകയും ചെയ്യുന്നത് അവൻ കണ്ടു. ചില ദിവസങ്ങളിൽ ഭക്ഷണം പോലും കിട്ടുകയില്ലായിരുന്നു. പക്ഷേ അതൊന്നും കാര്യമാക്കാതെ രാത്രി വരെ പണിയെടുക്കുകയും രാത്രി വന്നിട്ട് വീട്ടിൽ ഭക്ഷണം ഉണ്ടാക്കുകയും ചെയ്യും. ഇതൊക്കെ കണ്ട് രാമുവിന് വിഷമമായി. വീട്ടിലെത്തിയപ്പോൾ തന്നെ അവൻ കരഞ്ഞുകൊണ്ട് അമ്മയുടെ കാലിൽ വീണു. അമ്മ എന്തെന്നില്ലാതെ അത്ഭുതപ്പെട്ടു. അമ്മ അവനെ എഴുന്നേൽപ്പിച്ച് കാര്യമെന്തെന്ന് ചോദിച്ചു. നടന്ന കാര്യങ്ങൾ എല്ലാം അവൻ അമ്മയോട് പറഞ്ഞു. അമ്മയ്ക്കും അപ്പോൾ കരച്ചിൽ വന്നു. അവൻ അമ്മയോട് പറഞ്ഞു" നാളെ തൊട്ട് അമ്മ ജോലിക്ക് പോകേണ്ട ഞാൻ തന്നെ ജോലിക്ക് പോയി കുടുംബം നോക്കി കൊള്ളാം. ഇനി അമ്മ വീട്ടിൽ കുറച്ച് സമാധാനമായിരിക്കു. ഞാൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തമായി ചെയ്യുന്നതാണെന്ന് കരുതിയാൽ മതി"അമ്മ പറഞ്ഞു മോനേ അമ്മമാർ കുട്ടികളെ നോക്കുകയും വീട്ടിൽ ഉള്ളവരെ നോക്കുകയും ചെയ്യും. എനിക്കൊരു ആഗ്രഹം മാത്രമേയുള്ളൂ. നീ നേർവഴിക്ക് നടക്കുക എന്നതാണ് എന്റെ ആഗ്രഹം. അത് എനിക്ക് മനസ്സിലായി അമ്മേ. ഞാനിനി ഒരു തെറ്റിലേക്കും പോവുകയില്ല. എല്ലാറ്റിനും മാപ്പ്.



സനന്ദ് ബി
9 B



# വികസനം എന്ന വിപത്ത്

ഈ ലോകത്ത് ഏറ്റവും ഭംഗിയുള്ളതും സമാധാന അന്തരീക്ഷവും ഉള്ള സ്ഥലമാണ് ഞാൻ ജനിച്ചു വളർന്ന എന്റെ ഗ്രാമം. എന്റെ ഗ്രാമത്തിൽ തലമുറകളായി നെല്ലും പച്ചക്കറികളും പഴങ്ങളും എല്ലാം കൃഷി ചെയ്തുവരുന്നു. അതുകൊണ്ടുതന്നെ ഞങ്ങൾ ഗ്രാമവാസികളുടെ വരുമാനവും സ്വപ്നവും ജീവനും എല്ലാം കൃഷിയായിരുന്നു. ഈ ജൈവ പച്ചക്കറികൾ വാങ്ങുന്നതിനായി പല ജില്ലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും വരെ ജനങ്ങൾ ഇവിടെ എത്തിയിരുന്നു. ഇതുകൊണ്ടൊക്കെ തന്നെ ഒരു ചെറിയ വിനോദസഞ്ചാര സ്ഥലം തന്നെ ആയി മാറിയിരുന്നു എന്റെ കൊച്ചു ഗ്രാമം. ഞങ്ങളും കച്ചവടം കൂടിയത് കൊണ്ട് തന്നെ ഗ്രാമത്തിന്റെ പലസ്ഥലത്തും കൃഷിയിറക്കി. കച്ചവടം കൂടിയത് കൊണ്ട് തന്നെ കൃഷിക്കാർക്കും കുടുംബങ്ങൾക്കും സന്തോഷമായി. എല്ലാവരുടെയും ജീവിതം സന്തോഷത്തോടുകൂടി തന്നെ മുന്നോട്ടുപോയി.

അങ്ങനെ കുറച്ചു നാളുകൾക്കു ശേഷം ഈ കൃഷി ചെയ്തിരുന്ന സ്ഥലത്തിൻറെ ഉടമസ്ഥൻ ഹൃദയാഘാതം മൂലം മരണപ്പെട്ടു. ഈ സ്ഥലങ്ങളെല്ലാം നഗരത്തിൽ ഉള്ള ഒരു വ്യവസായിയുടെ പേരിലായിരുന്നു. ഇദ്ദേഹം മരണപ്പെട്ടത് കൊണ്ടുതന്നെ സ്വത്തുക്കൾ എല്ലാം മകന്റെ പേരിലായി. ഇദ്ദേഹത്തിൻറെ മകൻ തികച്ചും വ്യത്യസ്തനായിരുന്നു. പ്രകൃതിയുടെയും കൃഷിയുടെയും വിലയറിയാതെ ആധുനിക ജീവിതം നയിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹത്തിന്റെ മകൻ. സ്വത്തുക്കളെല്ലാം തൻറെ കയ്യിൽ എത്തിയതുകൊണ്ട് ഞങ്ങളുടെ ഗ്രാമവും ആധുനികലോകം ആക്കി മാറ്റാൻ അയാൾ തീരുമാനിച്ചു. ഞങ്ങളുടെ അന്നം നിലനിർത്തി കൊണ്ടുപോയിരുന്ന കൃഷിസ്ഥലങ്ങൾ അദ്ദേഹം നികത്തി അവിടെ വിനോദസഞ്ചാരസാധ്യതകൾ കൂട്ടാൻ അവിടെ ഒരു റിസോർട്ട് പണിയാൻ തീരുമാനിച്ചു. പിറ്റേദിവസം ജെസിബിയുടെ ശബ്ദം കേട്ട് ഞങ്ങളെല്ലാം അവിടേക്ക് ഓടി ചെന്നു. ഞങ്ങളുടെ എല്ലാം ജീവൻ തകർക്കുന്ന കാഴ്ചയായിരുന്നു അത്. റിസോർട്ട് പണിയാൻ വേണ്ടി കൃഷിസ്ഥലങ്ങൾ നികത്താൻ ആയിരുന്നു പദ്ധതി. ഇതറിഞ്ഞ കൃഷിക്കാർ ഇത് തടയാൻ ശ്രമിച്ചു. പക്ഷേ ഇത് നിയമത്തിനെതിരായതിനാലും സ്ഥലം കൃഷിക്കാരുടെ അല്ലാത്തതുകൊണ്ടും കൃഷിക്കാരെ പോലീസ് വന്ന് പിടിച്ചു മാറ്റുകയായിരുന്നു. അങ്ങനെ ജെസിബിയുടെ കഴകൾ മുമ്പോട്ട് നീങ്ങി കൃഷിസ്ഥലങ്ങളെല്ലാം നികത്തി. ഇത് കണ്ടതോടെ ഏറെ കൃഷിക്കാർ അവിടെത്തന്നെ കുഴഞ്ഞു മരിച്ചു. പിന്നീട് കുറേ കൃഷിക്കാർ ആത്മഹത്യ ചെയ്തു. ഇവിടെ ജീവിച്ചിരുന്ന ഗ്രാമവാസികളെ പെരുവഴിയിലാക്കി അവിടെ റിസോർട്ടിന്റെ പണി തുടങ്ങി. ഇതോടെ അവിടെയുള്ള മനുഷ്യരും മൃഗങ്ങളും എല്ലാം പെരുവഴിയിലായി. അവരുടെ അന്നം നിലച്ചു.

ഇനിയും പോരെ വികസനം ഇനിയും പോരേ പണത്തിനോടുള്ള ആർത്തി. ആധുനിക ലോകത്തിൻറെ ചതി മനസ്സിലാക്കി ഗ്രാമവാസികളും മൃഗങ്ങളും നിരാശയോടെ ഈ സ്ഥലം നോക്കി നിൽക്കുകയാണ്.

**ദേവാംഗ് ആർ എസ്**
9 A

# സംസ്ഥാന ടെക്ക്നിക്കൽ സ്ക്കൂൾ കായികമേള വിജയികൾ









# അഖില കേരള ടെക്നിക്കൽ സ്കൂൾ കലോത്സവ വിജയികൾ
















































# സംസ്ഥാന ടെക്നിക്കൽ സ്കൂൾ ശാസ്ത്രമേള









